# കുടുംബശ്രീ ഐരാണിമുട്ടത്ത് ശുചീകരണം നടത്തി

- ജില്ലയിൽ എട്ട് പ്രദേശങ്ങളാണ് ശുചീകരിക്കുന്നതിന് തെരഞ്ഞെടുത്തിരുന്നത്

**തിരുവനന്തപുരം:** ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ ഐരാണിമുട്ടത്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. കുടുംബശ്രീ ഡയറക്ടർ എൻ.കെ. ജയ, പ്രോഗ്രാം ഓഫിസർ പ്രമോദ് വർക്കി എന്നിവരുടെ നേതൃത്വത്തിൽ സംസ്ഥാന മിഷനിലെ അമ്പത് ജീവനക്കാരാണ് ഇതിൽ പങ്കാളികളായത്. നഗരസഭയിലെ ജീവനക്കാരും ശുചീകരണ പ്രവർത്തനങ്ങളിൽ കുടുംബശ്രീക്കൊപ്പം പങ്കെടുത്തു.

ഐരാണിമുട്ടം കാലടി റോഡിലെ ഹോമിയോ കോളജിന് സമീപത്തെ മാലിന്യം പൂർണമായും നീക്കംചെയ്ത ശേഷം ബ്ലീച്ചിങ് പൗഡർ ഉപയോഗിച്ച് വൃത്തിയാക്കി. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി നഗരസഭയുടെ നേതൃത്വത്തിൽ ജില്ലയിൽ എട്ട് പ്രദേശങ്ങളാണ് ശുചീകരിക്കുന്നതിന് തെരഞ്ഞെടുത്തിരുന്നത്. ഐരാണിമുട്ടത്തെ ശുചീകരണ പരിപാടി കുടുംബശ്രീ ഏറ്റെടുക്കുകയായിരുന്നു.